"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ സംഭാവനയായും മറ്റും ലഭിച്ച തുകയിൽ ചെലവഴിക്കാതെ മിച്ചമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ. തെക്കുംഭാഗം ശാഖയിലെ പ്രത്യേക അക്കൗണ്ടിൽ അവശേഷിക്കുന്ന തുക പാലിയേറ്റീവ് അടക്കം ആരോഗ്യമേഖലയിൽ വിനിയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1782/2025/LSGD തീയതി,തിരുവനന്തപുരം, 19-07-2025

---

പരാമർശം:- 1. തെക്കുംഭാഗം ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 25.07.2024-ലെ 5(1) നമ്പർ തീരുമാനം

2. 24.04.2025 -ൽ ചേർന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി യോഗത്തിലെ പ്രത്യേക വിഷയങ്ങളിലെ തീരുമാനം നമ്പർ 4.32

**ഉത്തരവ്**

കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ സംഭാവനയായും മറ്റും ലഭിച്ച തുകയിൽ ചെലവഴിക്കാതെ മിച്ചമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ. തെക്കുംഭാഗം ശാഖയിലെ പ്രത്യേക അക്കൗണ്ടിൽ അവശേഷിക്കുന്ന 3,30,664/- (മൂന്ന് ലക്ഷത്തി മുപ്പതിനായിരത്തി അറുനൂറ്റി അറുപത്തിനാല്) രൂപ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റിന്റെ ദുരിതാശ്വാസ നിധിയിലേക്ക് മാറ്റി ഉപയോഗിക്കുന്നതിന് അനുമതി ലഭ്യമാക്കുന്നതിന് പരാമർശം (1) പ്രകാരമുള്ള ഭരണ സമിതി തീരുമാനം വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ സമിതി പരിഗണിച്ചിരുന്നു.

2. പാലിയേറ്റീവ് അടക്കം ആരോഗ്യമേഖലയിൽ തന്നെ ഈ തുക വിനിയോഗിക്കാൻ അനുമതി നൽകുന്നതിന് വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോർഡിനേഷൻ സമിതി പരാമർശം (2) പ്രകാരം തീരുമാനിച്ചിരുന്നു

3. സർക്കാർ ഇക്കാര്യം പരിശോധിച്ചു. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഗ്രാമപഞ്ചായത്തിൽ സംഭാവനയായും മറ്റും ലഭിച്ച തുകയിൽ ചെലവഴിക്കാതെ മിച്ചമായി സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ തെക്കുംഭാഗം ശാഖയിലെ പ്രത്യേക അക്കൗണ്ടിൽ അവശേഷിക്കുന്ന 3,30,664/- (മൂന്ന് ലക്ഷത്തി മുപ്പതിനായിരത്തി അറുനൂറ്റി അറുപത്തിനാല്) രൂപ പാലിയേറ്റീവ് അടക്കം

ആരോഗ്യമേഖലയിൽ തന്നെ വിനിയോഗിക്കാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
സെക്രട്ടറി, തെക്കുംഭാഗം ഗ്രാമപഞ്ചായത്ത്, കൊല്ലം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, പ്ലാനിങ് ബോർഡ്, പട്ടം, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്I /ആഡിറ്റ് II ) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് കോപ്പി
തദ്ദേശ സ്വയം ഭരണ (DA)വകുപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Shaija R M
സെക്ഷൻ ഓഫീസർ
Date: 19-07-2025 16:01:14